## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5464. 24/05/2017-ൽ മറുപടിക്ക്

## പരിസ്ഥിതി ഡയറക്ടറേറ്റിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.കെ.അബ്ദു റബ്ബ്<br>,, അബ്ദുൽ ഹമീദ് പി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പരിസ്ഥിതി ഡയറക്ടറേറ്റിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പരിസ്ഥിതി ഡയറക്ടറേറ്റ് അതിന്റെ ചുമതലകളും അധികാരങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പരിസ്ഥിതി ഡയറക്ടറേറ്റിൽ സാങ്കേതിക / സാങ്കേതികയിതര വിഭാഗങ്ങളിൽ ആവശ്യമായ തസ്തികകളും ജീവനക്കാരുമുണ്ടോ; | (സി) & (ഡി) | 18.12.2010 ൽ രൂപീകൃതമായ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ ആകെ 15 തസ്തികകളിലായി 19 ജീവനക്കാരെ അനുവദിച്ച് നൽകിയിട്ടുണ്ടായിരുന്നു. 01.04.2017 ലെ സ.ഉ.(കൈ) നം. 03/17/പരി പ്രകാരം ഒരു എൻവയോൺമെന്റ് സയന്റിസ്റ്റ്, ഒരു എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഇതോടൊപ്പം ഒരു എൽ.ഡി. ക്ലാർക്ക് തസ്തിക നിർത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ ആകെ 20 ജീവനക്കാരെയാണ് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ അനുവദിച്ചിട്ടുള്ളത്.<br><br>സാങ്കേതിക വിഭാഗം തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ഉദ്യോഗാർത്ഥികളെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, |
| (ഡി) | ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഒരു എൻവയോൺമെന്റ് സയന്റിസ്റ്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിലും എൻവയോൺമെന്റ് ഓഫീസർ, അസിസ്റ്റന്റ് എൻവയോൺമെന്റ് ഓഫീസർ എന്നീ തസ്തികകളിൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളും ജോലി ചെയ്യുന്നു. എൻവയോൺമെന്റൽ എഞ്ചിനീയർ, എൻവയോൺമെന്റൽ പ്രോഗ്രാം മാനേജർ എന്നീ തസ്തികകളിൽ നിലവിൽ ആരും തന്നെയില്ല. ടി തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്.<br><br>സാങ്കേതികയിതര തസ്തികകളിൽ ഹെഡ് അക്കൗണ്ടന്റ്, എൽ.ഡി. ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ തസ്തികകളിൽ പി.എസ്.സി. വഴി സ്ഥിരം നിയമനം ലഭിച്ച ജീവനക്കാർ ജോലി ചെയ്തു വരുന്നു. |

Sd/-

സെക്ഷൻ ഓഫീസർ